**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3520** **05-08-2021 - ൽ മറുപടിയ്ക്ക്**

**ടി.എസ്.ബി. അക്കൗണ്ടുകളിൽ നിന്നും തിരിച്ചെടുത്ത തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2018-19 മുതൽ നാളിതുവരെ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും എത്ര രൂപ തിരിച്ചെടുത്തിട്ടുണ്ട്; തിരിച്ചെടുത്ത തുകയിൽ എത്ര രൂപ നാളിതുവരെ റീഫണ്ട് ചെയ്ത് നൽകിയിട്ടുണ്ട് ; പ്രസ്തുത തുക പൂർണ്ണമായും റീഫണ്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (എ) | 2018-19 മുതൽ 2020-21 വരെ ട്രഷറി അക്കൗണ്ടുകളിൽ നിന്നും തിരിച്ചെടുത്ത തുകയുടെ വിവരങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. സാമ്പത്തിക വർഷം തുക 2018-19 2568,24,39,701 2019-20 3677,80,62,332 2020-21 5919,33,07,732 ആകെ 12165,38,09,765 2018-19 വർഷത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്കും 2019-20, 2020-21 വർഷങ്ങളിൽ അപേക്ഷ ലഭിക്കാതെ തന്നെ മുഴുവൻ തുകയും തിരികെ അതത് എസ്.ടി.എസ്.ബി അക്കൗണ്ടുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. എസ്.ടി.എസ്.ബി അക്കൗണ്ടുകൾ ഒഴികെയുള്ള കേസിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്കാണ് റീഫണ്ട് അനുവദിക്കുന്നത്.<br>ധന:ദൃഢീകരണത്തിന്റെയും സാമ്പത്തിക അച്ചടക്കത്തിന്റെയും ഭാഗമായി ചിലവാക്കാനാകാത്ത പദ്ധതി-പദ്ധതിയേതര ഫണ്ടുകളാണ് അത്തരം അക്കൗണ്ടുകളിൽ നിന്നും റെസ്യൂം ചെയ്യുന്നത്. ആയതിൽ പദ്ധതി നിർവ്വഹണ തുകകളുടെ ചിലവിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന മുറയ്ക്കാണ് അടുത്ത സാമ്പത്തിക വർഷം റീഫണ്ട് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ